"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- എഞ്ചിനിയറിംഗ് വിഭാഗം- മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധന- ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂഎ) വകുപ്പ്**

സ.ഉ.(സാധാ) നം.19/2026/LSGD തീയതി,തിരുവനന്തപുരം, 03-01-2026

---

പരാമർശം:-

1. വിജിലൻസ് (ഡി) വകുപ്പിന്റെ 14.06.2021-ലെ വിജി-ഡി1/ 26/2021-വിജി നമ്പർ കത്ത്
2. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 24.12.2020-ലെ E15-(SC-08/2020/MPM)27786/2019 നമ്പർ കത്ത്
3. 15.09.2021-ലെ EWA2/56/2021-LSGD നമ്പർ വിശദീകരണ മെമ്മോ, കുറ്റപത്രം / കുറ്റാരോപണപത്രിക
4. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി നസ്രീൻ എസ്. 28.04.2022 തീയതിയായി സമർപ്പിച്ച പ്രതിവാദപത്രിക
5. ഓവർസിയർ ശ്രീ. അലി സി. 16.02.2022 തീയതിയായി സമർപ്പിച്ച വിശദീകരണം
6. ത.സ്വ.ഭ.വ. ചീഫ് എഞ്ചിനീയറുടെ 16.07.2022-ലെ ഇ11-12382/21/സി.ഇ./ത.സ്വ.ഭ.വ. നമ്പർ കത്ത്
7. ത.സ്വ.ഭ.വ. പ്രിൻസിപ്പൽ ഡയറക്ടറുടെ 19.04.2025-ലെ LSGD/PD/20390/2023-VIGD3 നമ്പർ കത്ത്
8. സ.ഉ.(സാധാ) 1625/2025/LSGD തീയതി 30.06.2025
9. മലപ്പുറം ജില്ലാപഞ്ചായത്ത് PIU അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലത്തിൽ നിന്നുള്ള 13.08.2025-ലെ AEE/1/216/2025/PIU നമ്പർ ഔപചാരിക അന്വേഷണ റിപ്പോർട്ട്

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിൽ വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ മിന്നൽ പരിശോധന നടത്തുകയും പരാമർശം (1), (2) പ്രകാരം വിജിലൻസ് ഡയറക്ടർ വിജിലൻസ് വകുപ്പ മുഖേന റിപ്പോർട്ട് ലഭ്യമാക്കുകയുമുണ്ടായി. മിന്നൽ പരിശോധനയിലെ വിജിലൻസ് കണ്ടെത്തലുകളും ശിപാർശയും ചുവടെ ചേർക്കുന്നു:-

i. കൈവശം സൂക്ഷിച്ച ക്യാഷ് ഡിക്ലയർ ചെയ്യാതിരുന്നതിന് ഓവർസിയർ ശ്രീ. അലി. സി-യ്ക്ക് എതിരെ വകുപ്പുതല നടപടി സ്വീകരിക്കുക.

ii. ഫയൽ നം. P1-3180/20 അപേക്ഷ പ്രകാരം നല്കിയ കൈവശാവകാശ സർട്ടിഫിക്കറ്റിലും ആധാരത്തിന്റെ പകർപ്പിലും ഭൂമിയുടെ തരം നഞ്ച എന്നു രേഖപ്പെടുത്തിയിട്ടും ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട നിലം ആയിരുന്നിട്ടും പ്രസ്തുത അപേക്ഷയിൽ കെട്ടിടത്തിന് അനധികൃതമായി ബിൽഡിങ്ങ് പെർമിറ്റ് നൽകിയ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി നസ്രീൻ എസ്-ന് എതിരെ വകുപ്പുതല നടപടി സ്വീകരിക്കുക.

2. വിജിലൻസ് ശിപാർശയുടെ അടിസ്ഥാനത്തിൽ, ഓവർസിയർ ശ്രീ. അലി. സി-യ്ക്ക് പരാമർശം (3) വിശദീകരണ മെമ്മോ നൽകുകയും അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി നസ്രീൻ എസ്.-നെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം അച്ചടക്കനടപടി ആരംഭിച്ച് പരാമർശം (3) കുറ്റപത്രം / കുറ്റാരോപണ പത്രിക നൽകുകയും ചെയ്തു.

3. ഓവർസിയർ ശ്രീ. അലി സി. പരാമർശം (5) പ്രകാരം സമർപ്പിച്ച വിശദീകരണത്തിൽ, 2020-ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് തനിക്ക് ഇലക്ഷൻ ഫീൽഡ് വെരിഫിക്കേഷൻ ചുമതലയുണ്ടായിരുന്നുവെന്നും അതിനാലുള്ള തിരക്ക് കാരണമാണ് വിജിലൻസ് പരിശോധന നടത്തിയ ദിവസം ക്യാഷ്ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തുവാൻ വിട്ടുപോയതെന്നും അറിയിച്ചു. ആയതിന് ഉപോത്ബലകമായിട്ടുള്ള രേഖകളും ടിയാൾ ഹാജരാക്കിയിട്ടുണ്ട്. ഓവർസിയർ ശ്രീ. അലി സി. (PEN-831106)-യുടെ വാദം അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്ന് പരാമർശം (6) പ്രകാരം ചീഫ് എൻജിനീയർ അറിയിച്ചിട്ടുണ്ട്.

4. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി നസ്രീൻ എസ്. പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദപത്രികയിൽ, 09.07.2018-ൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ പരപ്പനങ്ങാടി നഗരസഭയിൽ പ്രവേശിച്ച തന്റെ ആദ്യനിയമനം ആയിരുന്നുവെന്നും ഫീസ് ഈടാക്കി കൊമേഴ്സ്യൽ ബിൽഡിംഗ് നിർമ്മാണത്തിന് നേരത്തെയുള്ള അനുമതി നൽകാമെന്നുള്ള ഓവർസിയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 31.07.2018-ൽ കക്ഷിക്ക് ഫീസടയ്ക്കാൻ അനുവാദം നൽകുകയും 07.08.2018-ൽ 178603/2018 നമ്പറായി ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുകയും ചെയ്തതായും കെട്ടിക്കിടക്കുന്ന ബിൽഡിംഗ് പെർമിറ്റുകൾ അടിയന്തിരമായി തീർപ്പാക്കുവാൻ തനിക്കുമേൽ സമ്മർദം ഉണ്ടായിരുന്നുവെന്നും തുടക്കക്കാരിയുടെ പരിചയക്കുറവുകൊണ്ടും അറിവില്ലായ്മകൊണ്ടും പറ്റിയ പിശകാണെന്നും തനിക്ക് മാപ്പ് നൽകി തുടർനടപടികളിൽ നിന്നും ഒഴിവാക്കണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി നസ്രീൻ എസ്. (PEN:837721) തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്ന് വിടുതൽ ചെയ്ത് നിലവിൽ ജലസേചന വകുപ്പിൽ സേവനമനുഷ്ഠിച്ചു വരുന്നു.

5. പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (7) പ്രകാരം ലഭ്യമാക്കിയ അഭിപ്രായക്കുറിപ്പിൽ, അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ തുടക്കക്കാരിയായിരുന്നു എന്നതും തീർപ്പാക്കാത്ത

ബിൽഡിംഗ് പെർമിറ്റുകൾ അടിയന്തിരമായി തീർപ്പാക്കുവാൻ നഗരസഭ സെക്രട്ടറി, കൗൺസിലർമാർ അടക്കമുള്ള ജനപ്രതിനിധികൾ എന്നിവരിൽ നിന്നുള്ള നിരന്തര സമ്മർദ്ദം കാരണം ഫയലുകൾ കൃത്യമായി പരിശോധിക്കാൻ സാധിക്കാതെവന്നതും സർവീസിലെ പരിചയക്കുറവും കണക്കിലെടുത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി നസ്രീൻ എസ്-ന്റെ പ്രതിവാദപത്രികയിലെ വാദം അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

**6.** തുടർന്ന്, നടപടിക്രമങ്ങളുടെ ഭാഗമായി 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15(2) പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തുന്നതിന് പരാമർശം (8) പ്രകാരം ഉത്തരവായി. ഔപചാരിക അന്വേഷണത്തിലെ കണ്ടെത്തലുകൾ ഇപ്രകാരമാണ്:-

നിർമ്മാണാനുമതി നൽകാവുന്നതാണെന്ന് സൂചിപ്പിച്ചു കൊണ്ട് ഓവർസിയർ നൽകിയ റിപ്പോർട്ടിൽ, കെട്ടിടം നിർമിക്കുന്ന സ്ഥലം ആധാരത്തിലോ കൈവശാവകാശസർട്ടിഫിക്കറ്റിലോ നഞ്ച കാറ്റഗറിയിൽ/ഡാറ്റാബാങ്കിൽ ഉൾപ്പെട്ട സ്ഥലമാണെന്ന് സൂചിപ്പിച്ചതായി കാണുന്നില്ല. പ്രസ്തുത അപേക്ഷയ്ക്ക് ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചിരിക്കുന്നത് 2018 എട്ടാം മാസത്തിലാണ്. 30/12/2017-ൽ നിലവിൽ വന്ന Kerala Conservation of Paddy and Wetland Amendment Act, 2018 പ്രകാരം, ഡേറ്റാബാങ്കിൽ ഉൾപ്പെട്ട സ്ഥലങ്ങളിലെ കെട്ടിടനിർമാണാപേക്ഷകളിൽ നഗരസഭയിൽ നിന്ന് അനുമതി നൽകുവാൻ സാധിക്കുന്നതല്ല. മുന്നേ പരിവർത്തനം ചെയ്യപ്പെട്ട ഭൂമിയാണെങ്കിൽ കൂടി ഡാറ്റാബാങ്കിൽ ഉൾപ്പെട്ടതായതിനാൽ, ആയതിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടിയിരുന്നു. അതിനുശേഷം മാത്രമേ പെർമിറ്റിന് അപേക്ഷിക്കാൻ പാടുണ്ടായിരുന്നുള്ളൂ. അതിനാൽത്തന്നെ ഈ വിഷയത്തിൽ, പരിശോധനയ്ക്ക് ശേഷം അസിസ്റ്റന്റ് എൻജിനീയർ മേൽ പരാമർശിച്ച പ്രകാരം തുടർനടപടികൾ കൈക്കൊള്ളുന്നതിനുള്ള നിർദ്ദേശമായിരുന്നു നൽകേണ്ടിയിരുന്നത്. എന്നാൽ ഈ നടപടിക്രമങ്ങളൊന്നും പാലിക്കാതെ ഡാറ്റബാങ്കിൽ ഉൾപ്പെട്ട ഭൂമിക്ക് അസിസ്റ്റന്റ് എൻജിനീയർ നിർമാണാനുമതി നൽകിയതായി കാണുന്നു. എന്നിരുന്നാലും അസിസ്റ്റന്റ് എൻജിനീയർ തസ്തികയിൽ തുടക്കക്കാരിയായി പരപ്പനങ്ങാടി മുൻസിപ്പാലിറ്റിയിൽ നിയമിതയായതിനാലും ഇതുസംബന്ധിച്ച് യാതൊരു പരിശീലനങ്ങളും മാർഗനിർദ്ദേശങ്ങളും ലഭിച്ചിട്ടില്ലാതിരുന്നതിനാലും ഈ വിഷയവുമായി ബന്ധപ്പെട്ട ഓർഡറുകൾ / സർക്കുലറുകൾ വേണ്ടവിധം വായിച്ചു മനസ്സിലാക്കുവാൻ അസിസ്റ്റന്റ് എൻജിനീയർ ശ്രീമതി നസ്രീന് സാധിക്കാതെ പോയതാവാം. നിലവിലുണ്ടായിരുന്ന നമ്പറോട് കൂടിയ കെട്ടിടങ്ങൾ പൊളിച്ചുപണിത് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായിരുന്നു അപേക്ഷ എന്നത്, പരിചയക്കുറവ് മൂലം, ശ്രീമതി നസ്രീന് ആശയക്കുഴപ്പം സൃഷ്ടിച്ചിരിക്കാം.

കെട്ടിടനിർമ്മാണ പെർമിറ്റ് നൽകിയ കാലയളവിൽ പ്രാബല്യത്തിൽ ഉണ്ടായിരുന്ന ഉത്തരവ് പ്രകാരം ഫയലിൽ തുടർനടപടികൾ സ്വീകരിക്കേണ്ടിയിരുന്നുവെങ്കിലും, അസിസ്റ്റന്റ് എൻജിനീയർ ശ്രീമതി നസ്രീൻ എസ്. സർവീസിൽ തുടക്കക്കാരി ആയിരുന്നു, ആവശ്യമായ ട്രെയിനിങ്ങുകൾ ലഭ്യമായിരുന്നില്ല,

കെട്ടിക്കിടക്കുന്ന ബിൽഡിംഗ് പെർമിറ്റുകൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിനായി ജനപ്രതിനിധികളിൽ നിന്നും സെക്രട്ടറിയിൽ നിന്നുമുള്ള സമ്മർദങ്ങൾ, നിലവിൽ നമ്പരോടുകൂടിയ കെട്ടിടങ്ങൾ പൊളിച്ചുനീക്കി അതേ ഒക്യുപൻസിയിലുള്ള കെട്ടിടങ്ങൾ നിർമ്മിക്കുവാനുള്ള അപേക്ഷയായതിനാൽ ഓവർസിയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിച്ചു, പരിചയക്കുറവുമൂലം ഉണ്ടായ പിശകായി കണക്കാക്കി മാപ്പാക്കണം എന്നീ പ്രതിവാദപത്രികയിലെ വാദങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണ്.

7. തുടർന്ന്, നടപടിക്രമത്തിന്റെ ഭാഗമായി അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി നസ്രീൻ എസ്-നെ സർക്കാർ നേരിൽ കേൾക്കുകയുണ്ടായി. 9.7.2018-ലാണ് താൻ പരപ്പനങ്ങാടി മുൻസിപ്പാലിറ്റിയിൽ ജോയിൻ ചെയ്തതെന്നും പ്രസ്തുത തസ്തികയിൽ മുൻപിരുന്ന അസിസ്റ്റന്റ് എഞ്ചിനീയർ പ്രൊമോഷൻ ലഭിച്ച് വിട്ടുതൽ ചെയ്തതിനാൽ ടി തസ്തിക ഒഴിഞ്ഞുകിടന്നിരുന്നുവെന്നും ബിൽഡിംഗ് പെർമിറ്റുകൾ അനുവദിക്കുന്ന ഫയലുകൾ, spill over projects സംബന്ധിച്ച ഫയലുകൾ തുടങ്ങിയവയൊക്കെ പെൻഡിംഗ് ആയിരുന്നുവെന്നും ഫയലുകൾ പെട്ടെന്ന് തീർപ്പാക്കുവാൻ മുനിസിപ്പൽ സെക്രട്ടറി നിർദ്ദേശം നൽകിയിരുന്നുവെന്നും അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി നസ്രീൻ എസ്. ഹിയറിങ് വേളയിൽ അറിയിക്കുകയുണ്ടായി. വിജിലൻസ് പരാമർശിച്ച ഫയലിൽ കൈകാര്യം ചെയ്തു വന്നിരുന്ന 24.3.2018-ലെ അപേക്ഷയിലെ അപാകത പരിഹരിച്ചിട്ടുണ്ടെന്നും നിലവിലുള്ള കെട്ടിടം ഡിമോളിഷ് ചെയ്ത് കമേർസ്യൽ ബിൽഡിംഗിന് അനുമതി നൽകാവുന്നതാണെന്നും അന്നത്തെ ഓവർസിയർ പരിശോധിച്ച് രേഖപ്പെടുത്തിയിരുന്നുവെന്നും കൂടാതെ തനിക്ക് മുൻപുണ്ടായിരുന്ന രണ്ട് അസിസ്റ്റന്റ് എഞ്ചിനീയർമാരും വസ്തുവിന്റെ തരം 'നിലം' ആണെന്ന കാരണത്താൽ അപേക്ഷ നിരസിച്ചിരുന്നില്ലായെന്നും നിലവിലുണ്ടായിരുന്ന മൂന്ന് കെട്ടിടങ്ങളുടെയും 'category of use' K-SMART രേഖകൾ പ്രകാരം 'For commercial purpose' എന്നാണെന്നും Building Certificate പ്രകാരം ടി കെട്ടിടങ്ങൾക്ക് 1997-ൽ നമ്പർ നൽകിയിട്ടുള്ളതാണെന്നും ശ്രീമതി നസ്രീൻ എസ്. ബോധിപ്പിച്ചു. സർവീസിൽ തുടക്കക്കാരി എന്ന നിലയിൽ ട്രയിനിംഗുകൾ ഒന്നും ലഭിച്ചിരുന്നില്ലെന്നും സീറ്റിലെ പെൻഡിംഗ് ഫയലുകൾ തീർപ്പാക്കേണ്ടിയിരുന്നതിനാൽ ഓവർസിയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡാറ്റാബാങ്കിൽ ഉൾപ്പെട്ട സ്ഥലത്ത് കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചത് മാപ്പാക്കി തുടർനടപടികളിൽ നിന്നും ഒഴിവാക്കണമെന്നും പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ നിന്നും ഹാജരായ ഉദ്യോഗസ്ഥയുടെ സാന്നിധ്യത്തിൽ ഹിയറിംഗ് വേളയിൽ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി നസ്രീൻ എസ്. അഭ്യർത്ഥിച്ചു. ഡാറ്റാബാങ്കിൽ ഉൾപ്പെട്ടിരുന്നതായ സ്ഥലത്ത് നേരത്തെ കെട്ടിടം നിലനിന്നിരുന്നതിനാലും കെട്ടിടനമ്പർ അനുവദിച്ചിരുന്നതിനാലും അതേ സ്ഥലത്ത് പുതിയൊരു കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചത് അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി നസ്രീൻ എസ്.-ന്റെ ഭാഗത്തെ വീഴ്ചയാണെങ്കിലും സർവ്വീസിൽ പ്രവേശിച്ച് ആദ്യകാലഘട്ടത്തിൽ സംഭവിച്ചതായ പിഴവ് മാപ്പാക്കി ശ്രീമതി നസ്രീൻ എസ്.-നെതിരെ സ്വീകരിച്ച് വന്നിരുന്ന അച്ചടക്കനടപടിയിൽ നിന്നും ടിയാളെ ഒഴിവാക്കാവുന്നതാണെന്ന് ഹിയറിംഗ് ഓഫീസർ ശിപാർശ ചെയ്തു.

8. കുറ്റാരോപിതരുടെ പ്രതിവാദപത്രിക, പ്രിൻസിപ്പൽ ഡയറക്ടറുടെയും ചീഫ്

എഞ്ചിനീയറുടെയും അഭിപ്രായക്കുറിപ്പ്, ഔപചാരിക അന്വേഷണ റിപ്പോർട്ട്, നേരിൽകേട്ട വേളയിലെ വാദങ്ങൾ എന്നിവ സർക്കാർ വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ നിലവിൽ ജലസേചന വകുപ്പിൽ സേവനമനുഷ്ഠിച്ചു വരുന്ന അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി നസ്രീൻ എസ്. (PEN:837721) -നെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം ആരംഭിച്ച അച്ചടക്കനടപടിയിൽ നിന്ന് ടിയാളെ ഒഴിവാക്കി കുറ്റവിമുക്തയാക്കിക്കൊണ്ട് ടിയാൾക്കെതിരെയുള്ള അച്ചടക്കനടപടിയും ഓവർസിയർ ശ്രീ. അലി സി. (PEN-831106)യുടെ വിശദീകരണം അംഗീകരിച്ച് ടിയാൾക്കെതിരെ അച്ചടക്കനടപടി ആരംഭിക്കേണ്ടതില്ല എന്ന് തീരുമാനിച്ചുകൊണ്ട് ടിയാൾക്കെതിരെയുള്ള നടപടിയും തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DIPUKUMAR S L
അണ്ടർ സെക്രട്ടറി

1. ശ്രീമതി നസ്രീൻ എസ്. (PEN:837721), അസിസ്റ്റന്റ് എഞ്ചിനീയർ, ജലസേചന വകുപ്പ് **(ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും മുഖേന, CEIA/1036/2022/VIG1 തീയതി 24.01.2025 പ്രകാരം)**
2. ശ്രീ. അലി സി. (PEN-831106), ഓവർസിയർ ഗ്രേഡ്-3, തിരൂരങ്ങാടി മുനിസിപ്പാലിറ്റി **(ത.സ്വ.ഭ.വ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)**
3. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
4. **ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും,** തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), കേരള
6. വിജിലൻസ് (എഫ്) വകുപ്പ് (25.11.2025-ലെ VIG-F1/411/2025-VIG പ്രകാരം)
7. ജലവിഭവവകുപ്പ് (അറിവിലേയ്ക്കായി)
8. വെബ് & ന്യൂ മീഡിയ,വിവര പൊതുജനസമ്പർക്ക വകുപ്പ്
9. സ്റ്റോക്ക് ഫയൽ (EWA2/56/2021-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Asha. R
Date: 03-01-2026 11:00:58
സെക്ഷൻ ഓഫീസർ